## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1259 10.08.2017-ൽ മറുപടിയ്ക്ക്

### മൂന്നാർ കൈയ്യേറ്റം ചർച്ചചെയ്യുവാൻ മുഖ്യമന്ത്രിതല യോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി.തോമസ് | ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മൂന്നാർ കൈയ്യേറ്റം ചർച്ചചെയ്യുവാൻ ജൂലൈ 1 ന് മുഖ്യമന്ത്രിയോഗം വിളിച്ചിരുന്നോ;ഏതെങ്കിലും ഒരു പ്രത്യേക വിഷയം ചർച്ചചെയ്യുവാനാണോ പ്രസ്തുത യോഗം വിളിച്ചത്; | (എ) ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനാണ് 2017, ജൂലൈ 1-ന് ബഹു.മുഖ്യമന്ത്രി യോഗം വിളിച്ച് ചേർത്തത്. |
| (ബി) പ്രസ്തുത യോഗം ചേരേണ്ടതില്ലെന്ന് കാണിച്ച് റവന്യൂ മന്ത്രി മുഖ്യമന്ത്രിക്ക് കത്ത് നൽകിയിരുന്നോ;എങ്കിൽ വിയോജിപ്പിനുള്ള കാരണം എന്തായിരുന്നു; | (ബി) ഇല്ല. |
| (സി) മൂന്നാർ പോലീസ് സ്റ്റേഷന് സമീപമുള്ള 22 സെന്റ് സ്ഥലവും കെട്ടിടവും കുത്തകപ്പാട്ടചട്ടം ലംഘിച്ചതിനാൽ ഒഴിയണമെന്ന് കാണിച്ച് ജൂൺ 9 ന് ദേവികുളം സബ്കളക്ടർ കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിരുന്നോ;എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു ; സ്ഥലം ഒഴിപ്പിച്ച് സർക്കാരിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ? | (സി) മൂന്നാർ പോലീസ് സ്റ്റേഷന് സമീപമുള്ള 22 സെന്റ് സ്ഥലവും കെട്ടിടവും കുത്തകപ്പാട്ട ചട്ടം ലംഘിച്ചതിനാൽ ഒഴിയണമെന്ന് കാണിച്ച് ജൂൺ 9-ന് ദേവികുളം സബ് കളക്ടർ കൈയ്യേറ്റ കക്ഷിയ്ക്ക് നോട്ടീസ് നൽകിയിട്ടില്ല. കെ.ഡി.എച്ച് വില്ലേജിൽ സർവ്വെ 62/10 സി-യിൽപ്പെട്ട കുത്തകപ്പാട്ട ഭൂമിയിലെ അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് ദേവികുളം തഹസിൽദാർ 09.06.2017-ൽ കേരള ഭൂസംരക്ഷണ നിയമ പ്രകാരം 'സി സി ഫോം' നോട്ടീസ് നൽകിയിട്ടുള്ളതാണ്. ഈ ഒഴിപ്പിക്കൽ നടപടിക്കെതിരെ ശ്രീ.വി.വി.ജോർജ്ജ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ |

WP(C) 19733/17-ാം നമ്പരായി ഫയൽ ചെയ്ത റിട്ട് ഹർജിയിൽ 04.07.2017-ൽ സർക്കാരിന് അനുകൂലമായി വിധിയുണ്ടായിട്ടുള്ളതും കൈവശകക്ഷി കൈയ്യേറ്റ ഭൂമിയും തന്നിലിരുപ്പായതും വാണിജ്യ ആവശ്യത്തിനായി ഉപയോഗിച്ച വരുന്നതുമായ കെട്ടിടവും ഒഴിഞ്ഞു പോകുന്നതിന് ബഹു.കേരള ഹൈക്കോടതി മൂന്ന് മാസത്തെ സോപാധിക സാവകാശം അനുവദിച്ചിട്ടുള്ളതുമാണ്.

Sindhya

**സെക്ഷൻ ഓഫീസർ**